പ്പെടണം. ആരവമെന്ന വിഷബാധ തടക്കുവാൻ നിങ്ങൾക്കു കഴിയുകയി ല്ലെങ്കിൽ, അതിനെസ്സംബന്ധിച്ച ജനങ്ങൾക്കു മുന്നറിയിപ്പുനൽകാനെ ങ്കിലും നിങ്ങൾക്ക് ബാദ്ധ്യതയുണ്ട്. അതു നിങ്ങൾ നിറവേററുക!

(11 ഒക്ടോബർ, 1987)

# 88. ദഹനക്കേട് മോട്ടോർവാഹനങ്ങളിൽ

മനുഷ്യർ ഭക്ഷിക്കുന്ന വസ്തുക്കളിലോ, കുടിക്കുന്ന പാനീയങ്ങളിലോ വിഷം കലർത്തുക എന്നതു വലിയൊരു കുററമായി ഗണിക്കപ്പെടുന്നുണ്ട്. അറിഞ്ഞുകൊണ്ടായാലും അറിയാതെയായാലും, ഭക്ഷ്യ—പാനീയങ്ങളിൽ വിഷം കലർത്തുന്നവരെ കണ്ടുപിടിക്കാനും ശിക്ഷിക്കാനും ഏർപ്പാടുകൾ ഉണ്ട്. ഈ ഏർപ്പാടുകൾ വേണ്ടത്ര ഫലപ്രദങ്ങളാണോ എന്നതു് മറെറാരു കാര്യം. ഭക്ഷ്യപാനീയങ്ങളിൽ വിഷം കലർത്തുന്നവർ സമൂഹശത്രുക്കളാ യാണു പരിഗണിക്കപ്പെടുന്നതു്. അവരോടു നമുക്കു് ഒരു അനുഭാവവും ഇല്ല; ആദരവു് ഇല്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല.

എന്നാൽ, മനുഷ്യർ ശ്വസിക്കുന്ന വായുവിൽ വിഷം കലർത്തുന്നവരെ നാം ഇനിയും എതിർത്തുതുടങ്ങിയിട്ടില്ല. വായുവിൽ വിഷം കലർത്തുന്ന വരോടു നമുക്കു വിരോധമില്ലെന്നു മാത്രമല്ല, ഒട്ടൊക്കെ ബഹുമാനവുമാണു്. ഈ വൈരുദ്ധ്യത്തിനു കാരണം, വായുവിൽ വിഷം കലർത്തുന്നതു് എളു പ്പത്തിൽ കണ്ടുപിടിക്കാൻ കഴിയുന്നില്ല എന്നതത്രെ. വായുവിഷബാധയെ പ്പററി നാം ഇപ്പോഴും വേണ്ടത്ര ബോധവാന്മാരല്ല.

വായുവിൽ വിഷം കലർത്തുന്നതിൽ വലിയ ഒരു പങ്കു വ്യവസായ ശാലകളിലെ പുകക്കുഴലുകൾക്കാണു്. അവയിൽനിന്നു പുറത്തുവിടുന്ന കട്ടിയായ പുകയിൽ പല രാസ—വിഷങ്ങളും അടങ്ങിയിരിക്കുന്നു. പുക ക്കുഴലുകളിൽനിന്നു് അന്തരീക്ഷത്തിൽ തള്ളിവിടപ്പെടുന്ന പുകയ്ക്കു് ചുററു മുള്ള വായുവിനേക്കാൾ കട്ടിയുണ്ടായിരിക്കും. അതിനാൽ പുക മേല്പോട്ടു പോകാതെ താഴ്ന്നു് നിലത്തോടു ചേർന്നു പരക്കുന്നു. 'പുകമഞ്ഞു്' (സ്മോഗ്) എന്ന പേരിൽ അറിയപ്പെടുന്ന പ്രതിഭാസം ഇതാണു്. കൊച്ചിയിലും പരിസരങ്ങളിലും ഇപ്പോൾ തണുപ്പുള്ള പ്രഭാതങ്ങളിൽ പുകമഞ്ഞു് നിത്യസാധാരണമായിട്ടുണ്ട്. ഇതു ശ്വസിക്കുന്നവരുടെ ശ്വാസകോശങ്ങൾ രോഗബാധിതങ്ങളാകുന്നു. ഉടൻ മരണകരമല്ലെങ്കിൽ കൂടി, കാലാന്തരത്തിൽ, പുകമഞ്ഞു് രോഗത്തിനും കഷ്ടപ്പാടുകൾക്കും മരണത്തിനും കാരണമായിത്തീരുന്നു.

കമ്പനികളുടെ പുകക്കുഴലുകളേക്കാൾ കൂടുതൽ വിഷം വായുവിൽ കലർത്തുന്നുണ്ടു് പല നഗരങ്ങളിലും, മോട്ടോർവാഹനങ്ങൾ. വാഹനങ്ങ ളുടെ യന്ത്രങ്ങൾക്കകത്തു പെട്രോളോ, ഡീസലോ കത്തുമ്പോൾ ധാരാളം പുക ഉല്പാദിപ്പിക്കപ്പെടുന്നു. ഈ പുകയിൽ 'കാർബൺമോണോക്സൈഡ്' എന്ന കടുംവിഷം അടങ്ങിയിരിക്കുന്നു. പുകയിലെ വിഷവസ്തുക്കളിൽ ഒന്നു മാത്രമാണു് കാർബൺമോണോക്സൈഡ്. അത്ര മാരകമല്ലാത്ത വേറേ യും രാസവിഷങ്ങൾ മോട്ടോർവാഹനങ്ങളിൽനിന്നു പുറത്തുവരുന്ന പുക യിൽ ഉണ്ടു്. മോട്ടോർവാഹനങ്ങളുടെ യന്ത്രങ്ങളുടെ നിർമാണത്തിലുള്ള അപര്യാപ്തതകൾകൊണ്ടു്, അവയിലൊഴിച്ച എണ്ണയിൽ വലിയ ഒരു പങ്കു കത്താതെ, ബാഷ്പരൂപത്തിൽ, പുകയോടൊപ്പം പുറത്തുപോകുന്നു. ഈ 'എണ്ണബാഷ്പത്തി'ലുമുണ്ടായിരിക്കും ഒട്ടധികം വിഷവസ്തുക്കൾ.

തലസ്ഥാനനഗരമായ ദില്ലിയിലും പരിസരങ്ങളിലും ധാരാളം വ്യവസായശാലകൾ ഉണ്ട്. ഇവ ഒട്ടേറെ പുക വായുവിലേക്ക വിസർജിക്കുന്നു. എന്നിട്ടും, ദില്ലിയിലെ വായുവിൽ വിഷം പരത്തുന്നതിന്റെ പകുതിയിലേറെ ഉത്തരവാദിത്തം കമ്പനികളിലെ പുകക്കുഴലുകൾക്കല്ല, മോട്ടോർ വാഹനങ്ങൾക്കാണെന്ന കണക്കാക്കപ്പെട്ടിട്ടുണ്ട്. ദില്ലിനഗരത്തിൽ ഇപ്പോൾ പന്ത്രണ്ട ലക്ഷത്തിലേറെ മോട്ടോർവാഹനങ്ങൾ ഉണ്ടത്രേ. ആണ്ടുതോറും ഒരു ലക്ഷത്തോളം പുതിയ മോട്ടോർവാഹനങ്ങൾ ആ നഗരത്തിലേക്ക കൊണ്ടുവരുന്നുമുണ്ട്. നഗരത്തിലെ വായുമണ്ഡലത്തിലുള്ള കാർബൺമോണോക്സൈഡ് എന്ന വിഷത്തിന്റെ തൊണ്ണൂറു ശതമാനവും മോട്ടോർവാഹനങ്ങളിലെ പുകയിലൂടെ, മുഴുവൻ കത്താത്ത 'എണ്ണബാഷ്പം' വായുവിലേക്ക വിസർജിക്കപ്പെടുന്നതിൽനിന്ന്, ഉത്ഭവിക്കുന്നതാണെന്ന കണക്കാക്കിയിരിക്കുന്നു. മോട്ടോർവാഹനങ്ങൾ ദേഹത്തിൽ കയറി മരിക്കുന്നവർ വളരെയുണ്ട്; സ്ഥിരമായി അംഗഭംഗം വരുന്നവരുടെ എണ്ണവും കുറവല്ല. ഇവരേക്കാൾ എത്രയോ കൂടുതലാണ്, ഈ വാഹനങ്ങൾ വായുവിലേക്ക പുറംതള്ളുന്ന വിഷങ്ങൾ ശ്വസിച്ച രോഗബാധിതരായി, അല്പം താമസിച്ച മരണമടയുന്നവർ.

മോട്ടോർവാഹനങ്ങൾ വായുവിൽ വിഷം കലർത്തുന്നു എന്നതു നിശ്ചിതമായ ഒരു വസ്തുതയാണ്. എന്നുവെച്ചിട്ട്, മോട്ടോർവാഹനങ്ങളുടെ ഉപയോഗം നിരോധിക്കാൻ ഇന്നത്തെ (നാളത്തെയും) കാലത്തു പററുമോ? അതൊട്ടില്ലതാനും. അതിനാൽ നാം ചെയ്യേണ്ടതു്, മോട്ടോർവാഹനങ്ങളിൽനിന്നു പുറത്തുവിടുന്ന വിഷത്തിന്റെ അളവു കുറയ്ക്കാൻ ശ്രമിക്കുകയാണ്. എണ്ണ കത്തിച്ച് അതിൽനിന്നുള്ള ഊർജം ഉപയോഗപ്പെടുത്തുന്നതിനുപകരം വിദ്യുച്ഛക്തി ഉപയോഗപ്പെടുത്താമെങ്കിൽ മോട്ടോർവാഹനങ്ങളെ തികച്ചും ഉപദ്രവരഹിതങ്ങളാക്കാം. ഈ തത്ത്വം അനുസരിച്ച്, ബാററി ഉപയോഗിച്ചോ, സൂര്യപ്രകാശം ഉപയോഗിച്ചോ വിദ്യുച്ഛക്തിയുണ്ടാക്കി, അതുകൊണ്ട വാഹനങ്ങൾ ഓടിക്കാനുള്ള പരീക്ഷണങ്ങൾ നടന്നുവരുന്നുണ്ട്. വൈദ്യുത-മോട്ടോർവാഹനങ്ങൾ വ്യാവസായിക-അടിസ്ഥാനത്തിൽത്തന്നെ നിർമിക്കപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഇനി ഇവ നമ്മുടെ റോഡുകളിൽ കൂടുതൽ കൂടുതൽ പ്രത്യക്ഷപ്പെട്ടു തുടങ്ങും. എന്നാലും, നഗരങ്ങൾക്കകത്തുള്ള ചെറു യാത്രകൾക്കല്ലാതെ, ദീർഘദൂരയാത്രകൾക്ക വൈദ്യുതമോട്ടോർവാഹനങ്ങൾ ഉപകരിച്ചേക്കുകയില്ല. ദീർഘദൂരയാത്രകൾക്കുമാത്രമല്ല, ഭാരം കയററിയ വാഹനങ്ങൾ ഓടിക്കുന്നതിനും, ഇനിയും വളരെ കാലത്തേക്ക്, എണ്ണ കത്തിക്കാൻ (അങ്ങനെ വായുവിൽ വിഷം കലർത്താനും) നാം നിർബന്ധിതരായേക്കും.

വാഹനത്തിൽ ഒഴിക്കുന്ന ഡീസലോ, പെട്രോളോ മുഴുവൻ കത്തുക ഉണ്ടാവില്ല. അതിന്റെ ഒരംശം കത്താതെ, പുകയായി, വായുവിൽ കലരും. പക്ഷേ, മോട്ടോർവാഹനത്തിന്റെ യന്ത്രം നിർമിക്കുന്നതു കുറേക്കൂടി കാര്യക്ഷമമായിട്ടാണെങ്കിൽ, കത്താതെ വായുവിൽ കലരുന്ന എണ്ണയുടെ അളവു വളരെയധികം കുറയ്ക്കാൻ സാധിക്കും. അതുവഴി, മോട്ടോർവാഹനങ്ങൾ വായുവിൽ കലർത്തുന്ന വിഷത്തിന്റെ അളവും ചുരുക്കാൻ കഴിയും.

ഇതിന് ആദ്യമായി ചെയ്യേണ്ടതു്, ഓരോ മോട്ടോർ വാഹനവും ഓടുമ്പോൾ എത്രമാത്രം എണ്ണ കത്താതെ, ബാഷ്പമായി, വായുവിൽ കലരുന്നു എന്നു കണ്ടുപിടിക്കുകയാണ്. ഒരു മോട്ടോർവാഹനം നിർമിച്ച് ആദ്യത്തെ മൂന്നു വർഷക്കാലം അതിലൊഴിക്കുന്ന എണ്ണയുടെ മൂന്നു ശതമാനം കത്താതെ ബാഷ്പമായി പുകയിലൂടെ പുറത്തുവരുന്നതു് അനുവ

ദനീയമാണെന്നു പരിഗണിക്കപ്പെടുന്നു. അഞ്ചു വർഷമോ അതിലധികമോ പഴക്കമുള്ള മോട്ടോർവാഹനത്തിൽ എണ്ണയുടെ നാലര ശതമാനംവരെ കത്താതെ, പുകയിലൂടെ പുറത്തുപോകുന്നതു് അനുവദനീയമാണു്. ഈ അളവിലധികം എണ്ണ കത്താതെ പുറത്തു പോകുന്നു എങ്കിൽ, വാഹനം രോഗബാധിതമാണു്; അതിനു് 'ദഹനക്കേടു്' ഉണ്ടു്; ആ രോഗം ചികിത്സിച്ചുമാററാതെ അത്തരം വാഹനങ്ങൾ റോഡിൽ ഇറക്കിക്കൂടാ എന്നു നിയമമുണ്ടാക്കണം. മോട്ടോർവാഹനങ്ങളുടെ 'ദഹനക്കേടു്' ചികിത്സിച്ചു മാററുന്ന പ്രക്രിയയ്ക്കു് 'ട്യൂണിങ്ങ്' എന്നു പറയുന്നു.

മോട്ടോർവാഹനങ്ങളുടെ ടാങ്കുകളിൽ എത്രമാത്രം എണ്ണയുണ്ടെന്നു കണ്ടറിയുവാനുള്ള യന്ത്രസംവിധാനം വാഹനങ്ങളിൽത്തന്നെയുണ്ടല്ലോ. ടയറുകൾക്കകത്തുള്ള വായുവിന്റെ മർദം അളക്കുന്നതിനുള്ള യന്ത്രങ്ങൾ മിക്ക പെട്രോൾപമ്പുകളിലും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇതുപോലെ മോട്ടോർവാഹനങ്ങളുടെ 'ദഹനക്കേടു്' അളക്കുന്നതിനുള്ള യന്ത്രസംവിധാനവും നിർമിക്കപ്പെട്ടിട്ടുണ്ടു്. ജപ്പാനിൽ നിർമിച്ച ഈ യന്ത്രസംവിധാനത്തിനു് എൺപതിനായിരം രൂപ വിലവരും. മോട്ടോർവാഹനങ്ങളുമായി ഘടിപ്പിച്ചാൽ, ആ വാഹനങ്ങൾ ഓടുമ്പോൾ എത്ര ശതമാനം എണ്ണ കത്താതെ നഷ്ടപ്പെടുന്നു എന്നു് ഈ യന്ത്രസംവിധാനം ഏതാനും മിനിററുകൾക്കകം കണ്ടുപിടിച്ചു നമ്മെ അറിയിക്കും. വായുവിലെ വിഷവ്യാപനം തടയുന്നതിനെന്നപോലെ എണ്ണയുടെ ദുർവ്യയം ഒഴിവാക്കുന്നതിനുകൂടി ഉപകരിക്കുന്ന ഇത്തരം പന്ത്രണ്ടു യന്ത്രസംവിധാനങ്ങൾ ദില്ലിനഗരത്തിലെ പല പെട്രോൾപമ്പുകളിലായി സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഇവയിൽ ആദ്യത്തേതു് 1987 ഡിസംബർ 11—ാം തീയതി പ്രവർത്തനം ആരംഭിച്ചു. ഈ പെട്രോൾപമ്പുകളിൽ ചെന്നാൽ ആർക്കും തങ്ങളുടെ മോട്ടോർവാഹനങ്ങളുടെ ദഹനശക്തി (ഫ്യുവൽ എഫിഷ്യൻസി—ഇന്ധനദക്ഷത) സൗജന്യമായി പരിശോധിക്കാം. ദഹനശക്തി കുറവാണെന്നു കണ്ടാൽ (അതായതു് ഇന്ധനദുർവ്യയം നാലരശതമാനത്തിൽ അധികമായാൽ), വർക്ക്ഷോപ്പിൽ കൊണ്ടുപോയി 'ട്യൂൺ' ചെയ്യിച്ചു് ഇന്ധനദക്ഷത വർധിപ്പിക്കുന്നതിലൂടെ വാഹനത്തിന്റെ എണ്ണച്ചെലവു ഗണ്യമായി കുറയ്ക്കുകയുംചെയ്യാം. അധികം പുക പുറംതള്ളി വായുവിൽ കൂടുതൽ മാലിന്യം കലർത്തുന്ന വാഹനങ്ങളുടെ ഉടമകളെ അധികൃതർക്കു പ്രോസിക്യൂട്ട്ചെയ്യുകയും ആവാം.

ബോംബെ നഗരത്തിലെ മോട്ടോർവാഹനങ്ങൾക്കു് ഇന്ധനദക്ഷതാപരിശോധന ഇതിനകം നിർബന്ധിതമാക്കിയിട്ടുണ്ടത്രേ. അവിടെ ഒരു ഒരു വാഹനത്തിന്റെ ഇന്ധനദക്ഷത പരിശോധിക്കുന്നതിനു് ഇരുപത്തഞ്ചുരൂപ വാഹനയുടമയിൽനിന്നു വസൂലാക്കുന്നു. ദില്ലിയിൽ ഈ പരിശോധന സൗജന്യമായി നടത്തിക്കൊടുക്കാനാണു് ഉദ്ദേശ്യം.

വായുവിലെ വിഷക്കലർപ്പിൽ ഏററവും മാരകം 'കാർബൺ മോണോക്സൈഡ്' എന്ന രാസവസ്തു ആണെന്നു പറഞ്ഞുവല്ലോ. മോട്ടോർവാഹനങ്ങളുടെ പുകയിലൂടെ പുറത്തു വരുന്ന ഈ വിഷവസ്തു ഒരു ഘനമീററർ വായുവിൽ രണ്ടായിരം മൈക്രോഗ്രാംവരെ ഉണ്ടായാലും ആപല്ക്കരമല്ലെന്നാണു വെച്ചിരിക്കുന്നതു്. പക്ഷേ, ദില്ലിയിലെ പല പ്രദേശങ്ങളിലും നടത്തിയ പഠനങ്ങളിൽ, വായുവിൽ ഇതിന്റെ മൂന്നിരട്ടിയോളം (ഒരു ഘനമീറററിൽ ആറായിരം മൈക്രോഗ്രാമിനോളം) കാർബൺ ഡയോക്സൈഡു് ഉള്ളതായി കാണപ്പെട്ടു ഇരുപത്തിനാലുമണിക്കൂറിനകം ഒരുലക്ഷത്തി എഴുപത്തീരായിരത്തോളം വാഹങ്ങൾ കടന്നുപോയ സ്ഥലങ്ങളിലായിരുന്നു ഇതു്—അതായതു് ഒരു സെക്കൻഡിൽ ശരാശരി രണ്ടു വാഹനങ്ങൾ.

കേരളത്തിലെ നഗരങ്ങളിൽ മോട്ടോർവാഹനങ്ങളുടെ എണ്ണം ഇത്ര

വർദ്ധിച്ചിട്ടില്ലായിരിക്കാം. എങ്കിലും, നമ്മുടെ വായുമണ്ഡലത്തിൽ കാർബൺ മോണോക്സൈഡിന്റെ അളവ്, പലേടത്തും, അനുവദിക്കാവുന്നതിൽനിന്ന് എത്രയോ അധികമായിട്ടുണ്ടാവണം. ദില്ലിയിൽ നടത്തിയതുപോലെ, കേരളത്തിലും പല സ്ഥലങ്ങളിലായി, വായുമണ്ഡലത്തിലെ മോണോക്സൈഡിന്റെ അളവു തിട്ടപ്പെടുത്തിയാൽ കൊള്ളാം. ഒരു സയൻസ്—ടെക്നോളജിവിഭാഗം നമുക്കമുണ്ടല്ലോ. സർവകലാശാലകളുടെയോ, കോളേജുകളുടെയോ സഹകരണത്തോടെ ഇത്തരം പഠനങ്ങൾ അവർക്കു നടത്താവുന്നതേയുള്ളു.

അതുപോലെ, മോട്ടോർവാഹനങ്ങളുടെ ഇന്ധനദക്ഷത അളക്കുന്നതിനുള്ള യന്ത്രസംവിധാനങ്ങൾ നമ്മുടെ നഗരങ്ങളിലെ പ്രധാനപ്പെട്ട പെട്രോൾപമ്പുകളിൽ വാങ്ങി സ്ഥാപിക്കേണ്ടതാണ്. ദില്ലിയിൽ സാദ്ധ്യമായതു് എന്തുകൊണ്ടു കൊച്ചിയിലോ, തിരുവനന്തപുരത്തോ, കോഴിക്കോട്ടോ സാദ്ധ്യമല്ല?

നാം ശ്വാസം അകത്തേക്കു വലിക്കുമ്പോൾ, ശ്വാസകോശത്തിൽ അന്തരീക്ഷവായു നിറയുന്നു. ഈ വായുവിലെ പ്രാണവായു (ഓക്സിജൻ) കണികകളെ നമ്മുടെ ചോരയിലെ ഹീമോഗ്ലോബിൻ എന്ന ഘടകം ഉൾക്കൊണ്ടു ശരീരത്തിന്റെ വ്യത്യസ്തഭാഗങ്ങളിലെത്തിക്കുന്നു. ഹീമോഗ്ലോബിനു പ്രാണവായുവിനോടുള്ളതിന്റെ ഇരുനൂറിരട്ടി പ്രണയമാണത്രേ കാർബൺമോണോക്സൈഡ് എന്ന വിഷവസ്തുവിനോട്. അതിനാൽ, വായുവിൽ കാർബൺമോണോക്സൈഡ് ഉണ്ടെങ്കിൽ, ഹീമോഗ്ലോബിൻ പ്രാണവായു വലിച്ചെടുക്കാൻ കൂട്ടാക്കാതെ ആ വിഷവസ്തുമാത്രം വലിച്ചെടുക്കുന്നു. ഇതു മരണത്തിനു കാരണമാവുന്നു. ഉടൻ മരിച്ചില്ലെങ്കിൽത്തന്നെ, ദീർഘകാലത്തേക്കു പല ദൂഷ്ഫലങ്ങളും വായുവിലെ വിഷാംശങ്ങൾ ഉളവാക്കാതിരിക്കുകയില്ല. വായുവിൽ വിഷം കലർത്തുന്നതു മുഖ്യമായും 'ദഹനക്കേട്' ഉള്ള മോട്ടോർവാഹനങ്ങളാണ്. അവയുടെ രോഗം കണ്ടുപിടിച്ച് ഉടനുടൻ ചികിത്സിക്കാനുള്ള ഏർപ്പാടുകൾ സാർവത്രികങ്ങളായേ മതിയാവൂ. കാരണം, ബഹുജനങ്ങളുടെ ആരോഗ്യവുമായി ഏററവും അധികം ബന്ധപ്പെട്ട ഒരു പ്രശ്നമാണ് ഇതു്.

(17 ജനുവരി, 1988)

## 89. അഞ്ചു ലക്ഷം പ്രസവമരണങ്ങൾ

മൃഗങ്ങൾ, പക്ഷികൾ, കീടങ്ങൾ മുതലായ ജീവികളെ സംബന്ധിച്ചിടത്തോളം തികച്ചും സ്വാഭാവികങ്ങളും അപകടരഹിതങ്ങളുമായ പ്രക്രിയകളാണു ഗർഭധാരണവും പ്രസവവും. ധനികരാഷ്ട്രങ്ങളിൽ മനുഷ്യരുടെ കാര്യത്തിലും സ്ഥിതി ഇതുതന്നെ. പല ധനികരാഷ്ട്രങ്ങളിലും പതിനായിരം പ്രസവങ്ങളിൽ ഒന്നുമാത്രമേ അമ്മമാരുടെ മരണത്തിൽ പര്യവസാനിക്കുന്നുള്ളു. എന്നാൽ, ദരിദ്രരാഷ്ട്രങ്ങളിൽ സംഗതി വളരെ വ്യത്യസ്തമാണ്. അവിടങ്ങളിൽ ഗർഭവും പ്രസവവും അമ്മമാരുടെയോ, കുട്ടികളുടെയോ, രണ്ടുകൂട്ടരുടെയുമോ മരണത്തിൽ കലാശിക്കുന്നതു സാധാരണയാകുന്നു. തികച്ചും ഒഴിവാക്കാവുന്നവയാണ് ഈ മരണങ്ങൾ എന്നതാണു ശ്രദ്ധിക്കേണ്ട വസ്തുത.

ലോകത്തിലാകെ ഒരാണ്ടിൽ അഞ്ചുലക്ഷത്തിലേറെ അമ്മമാർ പ്രസവാവസരത്തിൽ മരിച്ചുപോകുന്നതായി ലോകാരോഗ്യസംഘടന കണ